ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 09.05.2026**

## പ്രധാനവാർത്തകൾ

1. പശ്ചിമ ബംഗാളിലെ ആദ്യ ബിജെപി മുഖ്യമന്ത്രിയായി സുവേന്ദു അധികാരി സത്യപ്രതിജ്ഞ ചെയ്തു.
2. കേരളത്തിൻറെ മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിനായുള്ള ചർച്ചകൾ ഡൽഹിയിൽ പുരോഗമിക്കുന്നു. പ്രഖ്യാപനം ഇന്നോ നാളെയോ ഉണ്ടായേക്കും.
3. തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിനായി സി.ജോസഫ് വിജയിയുടെ നേതൃത്വത്തിലുള്ള ടിവികെ ശ്രമം തുടരുന്നു.
4. കെ എസ് ആർ ടി സിയിൽ ജെൻഡർ ടിക്കറ്റിങ് സംവിധാനം പ്രാബല്യത്തിൽ വന്നു.
5. കേരളത്തിൽ വേനൽമഴ കനക്കുന്നു. ഇന്ന് 9 ജില്ലകളിൽ മഞ്ഞ ജാഗ്രത. ലക്ഷദ്വീപിൽ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ്.
6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ-ഗുജറാത്ത് പോരാട്ടം.

&&&&&&&&&&&&&&&&&

RNU TVPM

## പശ്ചിമബംഗാൾ– സത്യപ്രതിജ്ഞ

നിയമസഭാ തിരഞ്ഞെടുപ്പിലെ ചരിത്രവിജയത്തിന് പിന്നാലെ പശ്ചിമ ബംഗാളിലെ ആദ്യ ബിജെപി മുഖ്യമന്ത്രിയായി സുവേന്ദു അധികാരി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ ഗവർണർ ആർ എൻ രവി സത്യവാചകം ചൊല്ലിക്കൊടുത്തു. സുവേന്ദു അധികാരിക്കൊപ്പം മറ്റ് അഞ്ച് മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാർ, വിവിധ സംസ്ഥാനങ്ങളിലെ എൻഡിഎ മുഖ്യമന്ത്രിമാർ, ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. സത്യപ്രതിജ്ഞക്കു മുൻപ് പ്രധാനമന്ത്രി കൊൽക്കത്തയിൽ റോഡ് ഷോ നടത്തി.

&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - കേരളം

കേരളത്തിൽ പുതിയ മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിനായുള്ള ചർച്ചകൾ ഡൽഹിയിൽ പുരോഗമിക്കുന്നു. നിയമസഭാ കക്ഷി യോഗത്തിനു ശേഷം അഖിലേന്ത്യാ നേതൃത്വത്തിന്റെ നിരീക്ഷകർ, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയ്ക്ക് റിപ്പോർട്ട് കൈമാറി. കെ പി സി സി പ്രസിഡൻറ് ഉൾപ്പടെ കേരളത്തിൽ നിന്നുള്ള മുതിർന്ന നേതാക്കളെ ഡൽഹിയിലേക്ക് വിളിച്ചു വരുത്തിയിട്ടുണ്ട്. ചർച്ചകൾക്കു ശേഷം ഇന്നോ നാളെയോ മുഖ്യമന്ത്രിയെ പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&

## തമിഴ്നാട് - സർക്കാർ രൂപീകരണം

തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിൽ അനിശ്ചിതത്വം തുടരുന്നു. ടിവികെയ്ക്ക് പിന്തുണ നൽകുന്നു എന്ന വാർത്തകൾ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് തള്ളിയതാണ് കേവല ഭൂരിപക്ഷം നേടാനുള്ള വിജയ്‌യുടെ നീക്കത്തിന്

PNU TVPM

തിരിച്ചടിയായത്. ഇതേതുടർന്ന്, ഇന്ന് നടത്താനിരുന്ന സത്യപ്രതിജ്ഞാ ചടങ്ങ് മാറ്റിവെച്ചതായാണ് ഏറ്റവും പുതിയ വിവരം. ലീഗിൻറെ പ്രഖ്യാപനത്തോടെ വിസികെയുടെ നിലപാട് നിർണ്ണായകമായിരിക്കുകയാണ്. 234 അംഗ സഭയിൽ 118 പേരുടെ പിന്തുണയാണ് സർക്കാർ രൂപീകരണത്തിനു വേണ്ടത്. കോൺഗ്രസും സിപിഐ എമ്മും സിപിഐയും ടിവികെയ്ക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

<u>അസം - സത്യപ്രതിജ്ഞ</u>

അസമിൽ പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ ചൊവ്വാഴ്ച നടക്കും. ബി ജെ പി നേതൃത്വം നൽകുന്ന എൻ ഡി എ തുടർച്ചയായ മൂന്നാം തവണയാണ് സംസ്ഥാനത്ത് അധികാരത്തിലെത്തുന്നത്. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി, ബി ജെ പി നാളെ യോഗം ചേരും.

RNU TVPM

&&&&&&&&&&&&&&&&&

<u>കെഎസ്ആർടിസി - ജെൻഡർ ടിക്കറ്റിങ് (ഇൻട്രോ)</u>

കെഎസ്ആർടിസി ബസുകളിൽ 'ജെൻഡർ ടിക്കറ്റിങ്' രേഖപ്പെടുത്തി തുടങ്ങി. ഇത് സംബന്ധിച്ച് കെ എസ് ആർ ടി സി ഇന്നലെ ഔദ്യോഗികമായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്......**

(വോയ്സ്)

&&&&&&&&&&&&&&&&&

<u>സീതാരാമൻ - ജൻസുരക്ഷ</u>

പൗരന്മാർക്ക് സാമൂഹിക സുരക്ഷാ പരിരക്ഷ ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന , അടൽ പെൻഷൻ യോജന എന്നിവ 11 വർഷം പൂർത്തിയാക്കി. കു റഞ്ഞ ചെലവിൽ ഇൻഷുറൻസും പെൻഷൻ ആനുകൂല്യങ്ങളും നൽകുകയാണ് ഇതിൻറെ ലക്ഷ്യമെന്ന് പദ്ധതികളെ കുറിച്ച് വിശദീകരിച്ചുകൊണ്ട് കേന്ദ്ര ധനമന്ത്രി

നിർമ്മല സീതാരാമൻ പറഞ്ഞു. പദ്ധതികൾ വൻ വിജയമാക്കിയ ബാങ്കുകളുടെയും ഇൻഷുറൻസ് കമ്പനികളുടെയും ഫീൽഡ് പ്രവർത്തകർ ഉൾപ്പെടെയുള്ളവരെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു.

**&&&&&&&&&&&&&&&&&**

## നിയമനങ്ങൾ

പുതിയ സംയുക്ത സൈനിക മേധാവിയായി ലെഫ്റ്റനന്റ് ജനറൽ എൻ എസ് രാജ സുബ്രമണിയെ കേന്ദ്ര സർക്കാർ നിയമിച്ചു . നിലവിലെ സി ഡി എസ് ജനറൽ അനിൽ ചൗഹാൻ മെയ് 30 ന് സ്ഥാനമൊഴിയുന്നതിനെ തുടർന്നാണ് നിയമനം . വൈസ് അഡ്മിറൽ കൃഷ്ണ സ്വാമിനാഥിനെ നാവിക സേന മേധാവിയായും സർക്കാർ നിയമിച്ചു. ഈ മാസം 31 ന് വിരമിക്കുന്ന അഡ്മിറൽ ദിനേശ് കുമാർ ത്രിപാഠിയുടെ പിൻഗാമിയായി കൃഷ്ണ സ്വാമിനാഥൻ ചുമതലയേൽക്കും.

**&&&&&&&&&&&&&&&&&**

## അമരം പദ്ധതി

ദേശീയ തലത്തിൽ പ്രശംസ നേടി കേരളത്തിന്റെ അമരം പദ്ധതി. ന്യൂഡൽഹിയിൽ നടന്ന 10-ാമത് ദേശീയ ഉച്ചകോടിയിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ Antimicrobial Resistance Awareness and Mitigation Programme, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ രാഹുൽ കൃഷ്ണ ശർമ്മ അവതരിപ്പിച്ചു. ആലപ്പുഴ ജില്ലയിൽ വിജയകരമായി നടപ്പാക്കിയ പദ്ധതി പല സംസ്ഥാനങ്ങളും ഏറ്റെടുക്കുകയും ചെയ്തു. കേരളം എ എം ആർ പ്രതിരോധ പ്രവർത്തനങ്ങളിൽ നടത്തുന്ന സുപ്രധാനമായ ഇടപെടലുകളിലൊന്നാണ് അമരം.

**&&&&&&&&&&&&&&&&&**

## കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 2,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഈ മാസം 12ന്

RNI TVPM

മുംബൈയിൽ, റിസർവ് ബാങ്കിന്റെ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

**ലക്ഷദ്വീപ് - മഴ**

ലക്ഷദ്വീപിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&

**തേക്കടി - ബോട്ട് സർവീസ് (ഇൻട്രോ)**

തേക്കടി തടാകത്തിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് കെടിഡിസിയുടെ വലിയ ബോട്ടുകൾ സർവീസ് പുനഃരാരംഭിച്ചു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് കഴിഞ്ഞദിവസങ്ങളിൽ മഴ ലഭിച്ചതോടെ ജലനിരപ്പ് 110.20 അടിയിലേക്ക് ഉയർന്ന സാഹചര്യത്തിലാണ് തീരുമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്.......)

&&&&&&&&&&&&&&&&&

**കണ്ണൂർ - അമൃത് പദ്ധതി**

കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അമൃത് കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊളിച്ച

റോഡുകൾ കാലവർഷത്തിനു മുൻപ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം അടിയന്തരമായി പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ്. പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. ജൂണിൽ കണ്ണൂർ പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

&&&&&&&&&&&&&&&&&&

## കാസർഗോഡ് - മുന്നൊരുക്കങ്ങൾ

കാസർഗോഡ് ജില്ലയിൽ കാലവർഷത്തിന് മുന്നോടിയായി ദുരന്ത നിവാരണ മുന്നൊരുക്കങ്ങൾ ഊർജിതമാക്കാൻ ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ നടന്ന ദുരന്തനിവാരണ സമിതി യോഗം തീരുമാനിച്ചു. തദ്ദേശ സ്വയം ഭരണം, റവന്യൂ, ആരോഗ്യം തുടങ്ങി വിവിധ വകുപ്പുകൾ നടത്തുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

&&&&&&&&&&&&&&&&&&

## കൃഷ്ണാഞ്ജലി പുരസ്ക്കാരം

സംവിധായകൻ എം. കൃഷ്ണൻ നായരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ 'കൃഷ്ണാഞ്ജലി' പുരസ്കാരം നടൻ മധുവിന് ഇന്ന് സമ്മാനിക്കും. ഉച്ചക്ക് 3 മണിക്ക് അദ്ദേഹത്തിന്റെ വസതിയിൽ നടക്കുന്ന ചടങ്ങിൽ നിയുക്ത വട്ടിയൂർക്കാവ് എം.എൽ.എ, കെ.മുരളീധരൻ പുരസ്കാരം സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## റേഡിയോ നാടകോത്സവം

ആകാശവാണി സംഘടിപ്പിക്കുന്ന അഖില കേരള റേഡിയോ നാടകോത്സവത്തിന് നാളെ തുടക്കം. ഈ മാസം 18 വരെ നീളുന്ന 9 ദിവസത്തെ നാടകോത്സവത്തിൽ, നടൻ മോഹൻലാലും ചലച്ചിത്ര, നാടകരംഗത്തെ നിരവധി പ്രമുഖരും ഭാഗമാകുന്നുണ്ട്. ആകാശവാണിയുടെ കേരളനിലയങ്ങൾ രാത്രി 9.30-ന് നാടകങ്ങൾ പ്രക്ഷേപണം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&

## ഐ എസ് എൽ - ഫുട്ബോൾ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചിന് നടക്കുന്ന മത്സരത്തിൽ ഗോവ-മോഹൻ ബഗാനെയും, രാത്രി 7.30 ന് ജംഷഡ്പൂർ-ബെംഗളൂരുവിനെയും നേരിടും.

&&&&&&&&&&&&&&&&&

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്-ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&

## സംസ്ഥാന യൂത്ത് ബാസ്കറ്റ് ബോൾ

സംസ്ഥാന യൂത്ത് ബാസ്കറ്റ് ബോൾ സെമിഫൈനൽ ഇന്ന് നടക്കും. കാഞ്ഞങ്ങാട്ട് ഉച്ചയ്ക്ക് 2.30 നാണ് മത്സരം.

RNU TVPM

&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&

## കണ്ണൂർ സർവകലാശാല - ഫലം

കണ്ണൂർ സർവ്വകലാശാല ഏപ്രിൽ 2026 സെഷൻ ബി.എ./ബി.ടി.ടി.എം/ബി.എസ്.ഡബ്ല്യു/ബി.എ. അഫ്സൽ ഉലമ എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. അവസാനപരീക്ഷ കഴിഞ്ഞ് 37 ദിവസം കൊണ്ടാണ് ഫലം പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&&

## <u>തുല്യതാ കോഴ്സ്</u>

സാക്ഷരതാ മിഷൻ നടത്തുന്ന നാലാം ക്ലാസ്, ഏഴാം ക്ലാസ്, പത്താം ക്ലാസ്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. നാലും ഏഴും ക്ലാസ് തുല്യതാ കോഴ്സുകൾ പൂർണമായും സൗജന്യമാണ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 25 ആണ്. മേയ് 26 മുതൽ ജൂൺ അഞ്ചു വരെ പിഴയോട് കൂടി രജിസ്ട്രേഷൻ നടത്താം.

&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&&&&&&&&&&

RNU TVPM